ഉത്തരം

(എ) 12500 ടൺ അരിയും 12500 ടൺ ഗോതമ്പും കേന്ദ്രത്തിൽ നിന്നും അലോട്ടു ചെയ്തു. ഗോതമ്പിനുപകരം അരി തന്നെ കിട്ടുന്നതിന് കേന്ദ്രഗവൺമെൻറിനോട് അപേക്ഷിച്ചതിൻറെ ഫലമായി ഗോതമ്പിൻറെ അലോട്ടുമെൻറ് റദ്ദാക്കി പകരം 12500 ടൺ അരി നൽകി. അങ്ങനെ ആകെ 25000 ടൺ അരി അലോട്ടു ചെയ്തിട്ടുണ്ട്.

(ബി) ഉപയോഗിക്കാൻ പറ്റാത്ത അരിയും ഗോതമ്പും എടുത്തിട്ടില്ല.

(സി, ഡി, ഇ) ഉദിക്കുന്നില്ല.

മണ്ണെണ്ണ കിട്ടുവാനുള്ള ബുദ്ധിമുട്ട്

850 [1307] ശ്രീ. സി. എ. കുര്യൻ:

,, വി. കെ. രാജൻ:

,, പി. ശങ്കർ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തിൻറെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് മലമ്പ്രദേശങ്ങളിൽ മണ്ണെണ്ണ കിട്ടുവാൻ ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോംസെയിൽ ലൈസൻസികൾ യഥാകാലം മണ്ണെണ്ണ എടുക്കാത്തതാണ് അതിനു കാരണം എന്നുള്ളത് ശരിയാണോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ ചില മലമ്പ്രദേശങ്ങളിൽ മണ്ണെണ്ണ കിട്ടുവാൻ ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതെ. അങ്ങനെയുള്ളവരുടെ പേരിൽ അപ്പോഴപ്പോൾ നടപടികൾ എടുത്തിട്ടുണ്ട്. കൂടുതൽ ലൈസൻസികളെ നിയമിക്കാനും നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly